LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരം കുറഞ്ഞ മരുന്നുകൾ വിതരണം ചെയ്യുന്നതും അമിതവില ഈടാക്കുന്നതും തടയുന്നതിന് നടപടി

*13 [12] *ശ്രീ. കെ. നാരായണക്കുറുപ്പ്:*

„ *തോമസ് ചാഴികാടൻ:*

„ *റോഷി അഗസ്റ്റിൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിതരണം നടത്തുന്ന മരുന്നുകളിൽ പലതും ഗുണനിലവാരം കുറഞ്ഞവയാണെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കമ്പനിയുടെ വ്യക്തമായ പേരോ മേൽവിലാസമോ ഇല്ലാത്ത മരുന്നുകൾ വിതരണം ചെയ്യുന്നത് തടയാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(ഡി) മരുന്നുകൾക്ക് അമിതവില ഈടാക്കുന്നത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) ഗുണനിലവാരം കുറഞ്ഞ (Substandard) മരുന്നുകൾ സംസ്ഥാനത്ത് വിതരണം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കമ്പനിയുടെ പേരോ മേൽവിലാസമോ ഇല്ലാത്ത മരുന്നുകൾ സംസ്ഥാനത്ത് വിതരണം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതു സംബന്ധിച്ച് പരാതികൾ ഒന്നും ലഭിച്ചിട്ടില്ല.

(ഡി) മരുന്നുകൾക്ക് അമിതവില ഈടാക്കുന്നത് തടയാനും അത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടികൾ എടുക്കുവാനും കേന്ദ്ര നിയമമായ 1995-ലെ ഡ്രഗ്സ് പ്രൈസസ് കൺട്രോൾ ഓർഡർ സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്.

മരുന്നു വാങ്ങൽ നയമനുസരിച്ച് വാങ്ങേണ്ട മരുന്നുകളുടെ ലിസ്റ്റ്

*14 [13] *ശ്രീ. എൻ. ഡി. അപ്പച്ചൻ:*

„ *എം. കെ. പോൾസൺ മാസ്റ്റർ:*

„ *കെ. മുഹമ്മദാലി:*

„ *വർക്കല കഹാർ:*

„ *ജോർജ്ജ് ജെ. മാത്യു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ മന്ത്രിസഭ നിലവിൽ വന്നശേഷം പ്രഖ്യാപിച്ച മരുന്നുവാങ്ങൽ നയമനുസരിച്ച് ഏതെല്ലാം മരുന്നുകളാണ് വാങ്ങേണ്ടത് എന്നത് സംബന്ധിച്ച ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ലിസ്റ്റ് തയ്യാറാക്കിയതാരാണ് എന്ന് വെളിപ്പെടുത്താമോ;

(സി) ഈ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകിയിട്ടുണ്ടോ;

(ഡി) ഈ ലിസ്റ്റ് അവർക്ക് നൽകാതെ ജില്ലകളിൽ ആവശ്യമുള്ള മരുന്നുകളുടെ വിവരം അറിയിക്കുവാൻ ജില്ലാ മെഡിക്കൽ ഓഫീസർമാരോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഇ) ഈ ലിസ്റ്റ് ജില്ലാ മെഡിക്കൽ ഓഫീസർമാർക്ക് നൽകാതെ അവരോട് മരുന്നിന്റെ വിവരം നൽകുവാൻ ആവശ്യപ്പെടുന്നതുമൂലം ഗവൺമെന്റിന്റെ മരുന്നു വാങ്ങൽ നയം നടപ്പാക്കാൻ ബുദ്ധിമുട്ടുണ്ടാകുമോ എന്നറിയിക്കാമോ?

ആരോഗ്യവകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*:

(എ) ഉണ്ട്. ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള സ്ഥാപനങ്ങളെ 4 ആയി തരംതിരിച്ച് 2005-06 മുതൽ ഓരോ വിഭാഗത്തിനും ഏതൊക്കെ മരുന്നുകളാണ് എപ്പോഴും ഉണ്ടായിരിക്കേണ്ടതെന്ന് തിട്ടപ്പെടുത്തി ഒരു ഡ്രഗ് ഫോർമുലറി തയ്യാറാക്കിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിന്റെയും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള വിദഗ്ദ്ധൻമാർ അടങ്ങിയ 17 അംഗ കമ്മിറ്റിയാണ് ഈ ലിസ്റ്റ് തയ്യാറാക്കിയത്.

(സി) ഉണ്ട്.

(ഡി) & (ഇ) ചോദ്യം ഉദിക്കുന്നില്ല.

വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണങ്ങൾ

*15 [14] *ശ്രീ. കെ. വി. കുഞ്ഞിരാമൻ:*

„ *കോടിയേരി ബാലകൃഷ്ണൻ:*

„ *കെ. രാധാകൃഷ്ണൻ:*

„ *പിരപ്പൻകോട് മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ഗുണ്ടാ ആക്രമണങ്ങളും സാമൂഹ്യ വിരുദ്ധ ശല്യവും തടയുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി നിയമനിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly